# മക്കൾ അവകാശികൾ

## ലൂക്കോസ് 15:31

**"അതിനു അവൻ അവനോടു; മകനേ, നീ എപ്പോഴും എന്നോടുകൂടെ ഇരിക്കുന്നുവല്ലോ; എനിക്കുള്ളതെല്ലാം നിന്റേത് ആകുന്നു."**

വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം 15–ാം അദ്ധ്യായത്തിൽ 11–ാം വാക്യം തൊട്ട് വായിക്കുമ്പോൾ അവിടെ സ്നേഹനിധിയായ ഒരു പിതാവിനെയും, പിതാവ് തനിക്കുതന്ന അവകാശത്തെ അന്യാധീനമാക്കിക്കളയുകയും, എന്നാൽ പിന്നീട് സുബോധം വന്നപ്പോൾ അപ്പന്റെ അടുത്ത് മടങ്ങിവരുന്ന ഇളയ മകനെയും, എല്ലായിപ്പോഴും പിതാവിനോടൊപ്പം ആയിരുന്നിട്ടും പിതാവിന്റെ ഭവനത്തിൽ തനിക്കുള്ള സ്ഥാനം എന്തെന്ന് തിരിച്ചറിയുവാൻ കഴിയാതെപോയ മൂത്ത മകനെയും കാണാം.

പിതാവിന്റെ സമ്പത്ത് മുടിച്ചുകളഞ്ഞിട്ട് തിരികെവന്ന തന്റെ സഹോദരനെ വ്യവസ്ഥകൾക്ക് അതീതമായി, വലിയ സന്തോഷത്തോടെ, ആഘോഷത്തോടെ തന്റെ പിതാവു സ്വീകരിച്ചു എന്നറിഞ്ഞ മൂത്തമകൻ രോഷാകുലനാകുന്ന രംഗമാണ് ഇവിടെ കാണുന്നത്. താൻ എല്ലായിപ്പോഴും പിതാവിന്റെ കൂടെ ആയിരുന്നിട്ടും ഒരിക്കൽപോലും ആനന്ദിക്കുവാൻ പിതാവ് തനിക്കൊന്നും തന്നിട്ടില്ല എന്ന ആവലാതി പറയുന്ന മകനോട് പിതാവ് പറയുകയാണ് 'എനിക്കുള്ളതെല്ലാം നിന്റേത് ആകുന്നു'. പ്രിയപ്പെട്ടവരെ, നമ്മോടും നമ്മുടെ കർത്താവ് പറയുന്നത് ഇതാണ്. എത്ര സ്നേഹസമ്പൂർണ്ണമായ മറുപടിയാണ് പിതാവ് നൽകിയത്. പിതാവ് തനിക്ക് തന്ന അവകാശത്തിന്റെ വില ആ മകന് മനസ്സിലായില്ല എന്നതാണ് സത്യം. ഇന്ന് നമ്മുടെ ജീവിതത്തിലേക്ക് ഒന്ന് നോക്കിയാലും അവന്റെ രാജ്യത്തിന്റെ അവകാശികളായ നമ്മൾ ഇപ്പോഴും ആ അവകാശത്തിന്റെ മാഹാത്മ്യം മനസ്സിലാക്കാതെ ആ മൂത്തമകന്റെ കൂട്ട് കണക്ക് പറയുന്നവരല്ലേ? പിതാവ് എന്ത് തരുവാനും ഒരുക്കമാണ്. എന്നാൽ ഞാൻ ചോദിച്ചാൽ പിതാവ് തരും എന്ന വിശ്വാസം, ഉറപ്പ് ആ മകന് ഇല്ലാതെപോയി. ഒരു പിതാവ് മകനിൽ നിന്നും ആഗ്രഹിക്കുന്നത്, താൻ കൊടുത്ത സ്വാതന്ത്ര്യം ന്യായമായിട്ട് ഉപയോഗിക്കുന്നതും അതിൽ അനന്ദിക്കുന്നതും ആണ്. ഈ തിരിച്ചറിവാണ് നമുക്ക് ഓരോരുത്തർക്കും വേണ്ടത്. പ്രിയദൈവമക്കളെ, നമ്മെ നമ്മുടെ കർത്താവ് അവന്റെ രാജ്യത്തിന്റെ അവകാശികളാക്കി അതിന്റെ സർവ്വസമ്പൂർണ്ണതയും നമുക്ക് തന്നു. കർത്താവ് നമുക്ക് വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങളും നൽകിയിരിക്കുന്നു. ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നമ്മൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു. നമ്മൾ ക്രിസ്തുവിനുള്ളവർ ആകയാൽ വാഗ്ദത്തപ്രകാരം

അവകാശികളാണ്. എന്നാൽ ആ അവകാശത്തെ തിരിച്ചറിയാതെ ഇപ്പോഴും ലോകത്തിന്റെ ആദി പാഠങ്ങൾക്ക് അടിമകളായി നശ്വരമായതിനെ തേടി, ദിവ്യമായതിനെ നഷ്ടമാക്കിക്കളയുന്നു. നമ്മുടെ കർത്താവ് നമുക്ക് വാഗ്ദത്തം ചെയ്തത് ഈ ലോകത്തിന് തരാൻ സാധിക്കാത്ത സമാധാനമാണ്. അവന്റെ സന്നിധിയിൽ സന്തോഷത്തിന്റെ പരിപൂർണ്ണതയുണ്ട്. അവന്റെ വലതുഭാഗത്ത് എന്നും പ്രമോദങ്ങളും ഉണ്ട്. നമ്മുടെ കർത്താവ് നമ്മെ വിളിച്ചത് അവന്റെകൂടെ വാഴുവാൻ ആണ്. ആ സത്യം മനസ്സിലാക്കി ആ വലിയ സ്നേഹത്തെ തിരിച്ചറിഞ്ഞ് അവന്റെ സന്നിധിയിലേക്ക് നമ്മെ സമർപ്പിച്ചു കൊടുക്കാം. ആ വലിയ വാഗ്ദത്തങ്ങളെ പ്രാപിച്ചുകൊണ്ട് ക്രിസ്തുവിൻ ജയാളികളായിട്ട് മുന്നേറാം. ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം:**

ലൂക്കോസ് 12:32
ചെറിയ ആട്ടിൻ കൂട്ടമേ, ഭയപ്പെടരുതു; നിങ്ങളുടെ പിതാവു രാജ്യം നിങ്ങൾക്കു നല്കുവാൻ പ്രസാദിച്ചിരിക്കുന്നു.

റോമർ 15:13
എന്നാൽ പ്രത്യാശ നല്കുന്ന ദൈവം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായി വിശ്വസിക്കുന്നതിലുള്ള സകല സന്തോഷവും സമാധാനവുംകൊണ്ടു നിങ്ങളെ നിറെക്കുമാറാകട്ടെ.

**സിസ്റ്റർ റീന ഷാജിപള്ളിപ്പാട് 019**